## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3634 — 20.06.2018 -ൽ മറുപടിക്ക്.

### വിശപ്പ് രഹിത കേരളം പദ്ധതി

| ചോദ്യം<br>**ശ്രീ. വി.പി.സജീന്ദ്രൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത് ;<br>(ബി) 2017-18 ലെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിരുന്നതെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ? | (എ) & (ബി) വിശപ്പ് രഹിത സംസ്ഥാനം എന്ന മഹത്തായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്ത് ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ 'വിശപ്പ് രഹിത കേരളം' എന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. തുടക്കത്തിൽ ആലപ്പുഴ ജില്ലയിൽ പദ്ധതി നടപ്പാക്കുന്നതിനായി 2017-18 കാലയളവിൽ 70 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയത് ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ച് നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**